(സി) സംസ്ഥാനത്തിനു പുറത്തുനിന്ന് പെർമിറ്റ് ഇല്ലാതെ സ്പിരിറ്റ് കൊണ്ടുവന്നതിന്റെ പേരിൽ 1984-85-ൽ എത്ര കേസെടുത്തിട്ടുണ്ട് ;

(ഡി) ചെക്പോസ്റ്റുകളിൽ തടഞ്ഞുവച്ച സ്പിരിറ്റ് പന്നീട് വിട്ടുകൊടുക്കുകയുണ്ടായിട്ടുണ്ടോ ;

(ഇ) വിദേശ മദ്യവും സ്പിരിറ്റും വ്യാജമായി ഇപ്പോഴും കൊണ്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അതുതടയാൻ എന്തു നടപടി സ്വീകരിച്ചു ?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ) :

(എ) ആറ് (6) കേസുകൾ പിടിച്ചിട്ടുണ്ട്.

(ബി) ആറ് (6) കേസുകൾ.

(സി) അഞ്ച് (5) കേസുകൾ.

(ഡി) ഇല്ല.

(ഇ) കോഴിക്കോട് ഡിവിഷനിൽ വിദേശമദ്യം കടത്തിക്കൊണ്ടുവന്നതിന് ഒരു കേസെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) വിദേശമദ്യത്തിന്റെ അനധികൃതമായ കടത്ത് തടയുന്നതിനു വേണ്ടി തിരുവനന്തപുരത്തും കോഴിക്കോട്ടും ഓരോ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ആറു സ്ക്വാഡുകൾ കൂടി ഉടനെ രൂപീകരിക്കുന്നതാണ്.

ആദായ നികുതി നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം

* 404 [464]. ശ്രീ. പി. സി. ജോർജ് :

,, കോട്ടക്കുഴി സുകുമാരൻ :

,, എം. വി. മാണി :

,, ഇ. ജെ. ലൂക്കോസ് :

,, വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കേന്ദ്ര ബഡ്ജറ്റിൽ ആദായ നികുതി നിരക്കുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നത് ;

(ബി) ഇതുമൂലം സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഈ വർഷം നഷ്ടം ഉണ്ടാകുമോ, ഉണ്ടെങ്കിൽ എത്രമാത്രം ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) കേന്ദ്ര ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം അനുസരിച്ച് കേന്ദ്ര ആദായ നികുതിയിൽ താഴെ പറയുന്ന മാറ്റങ്ങൾ വരുത്തിയിരിക്കുന്നു.

(1) ആദായ നികുതിയുടെ നികുതി ഒഴിവാക്കൽ പരിധി 15,000 രൂപയിൽ നിന്ന് 18,000 രൂപയായി ഉയർത്തി.

(2) നികുതി സ്ലാബുകൾക്ക് ചുമത്തുന്ന നിരക്കുകളുടെ ഘടന പരിഷ്ക്കരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(3) കമ്പനി നികുതിദായകർ ഒഴികെയുള്ളവർ നൽകേണ്ട സർച്ചാർജ്ജ് നിർത്തൽ ചെയ്തു.

(ബി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ ഔദ്യോഗികമായി കേന്ദ്ര ഗവൺമെൻറിൽനിന്നും ലഭിച്ചിട്ടില്ല.

പെരുന്നാളിന് വിദ്യാലയങ്ങൾക്കുള്ള അവധി

* 405 [465] ശ്രീ. എ. പി. എം. ഇസ്ഹാക്ക് കുരിക്കൾ:

,, പി. കെ. കെ. ബാവ:

,, കെ. പി. എ. മജീദ്:

,, പി. കെ. കുഞ്ഞാലിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ :

(എ) പെരുന്നാളിന് വിദ്യാലയങ്ങൾക്ക് 3 ദിവസം അവധി നൽകുന്നതിന് വിദ്യാഭ്യാസ കലണ്ടറിൽ രേഖപ്പെടുത്താമെന്ന ഉറപ്പു സർക്കാർ പാലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

വിദ്യാഭ്യാസ വകുപ്പു മന്ത്രി: (ശ്രീ. ടി. എം. ജേക്കബ്)

(എ യും, ബി യും) ഈ ആവശ്യം ഗവൺമെൻറ് സജീവമായി പരിഗണിച്ചു വരുന്നു.

വൈദ്യുതി ജീവനക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പു വ്യവസ്ഥകൾ

* 406 [466] ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, സി. കെ. തങ്കപ്പൻ:

,, എസ്. ഗോവിന്ദക്കുറുപ്പ്:

,, കെ. മൂസ്സക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) 1984 ഫെബ്രുവരിയിൽ നടന്ന വൈദ്യുതി ജീവനക്കാരുടെ പണിമുടക്കിനെത്തുടർന്നുണ്ടായ ഒത്തുതീർപ്പു വ്യവസ്ഥകളിൽ ഏതെല്ലാം ഇനി നടപ്പാക്കാനുണ്ട്;

(ബി) പണിമുടക്കിയ ജീവനക്കാർക്കെതിരായി ശിക്ഷണനടപടികൾ എടുക്കില്ല എന്ന വ്യവസ്ഥ ബോർഡ് ലംഘിച്ചതായി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണിമുടക്കിയതിൻറെ പേരിൽ എത്ര ജീവനക്കാരെ സസ്പെൻറ് ചെയ്തിട്ടുണ്ട്;

(ഡി) സസ്പെൻറ് ചെയ്യപ്പെട്ടവരെ തിരിച്ച് ജോലിയിൽ പ്രവേശിപ്പിക്കുന്നതിനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) വൈദ്യുതി ജീവനക്കാർ 1984 ഫെബ്രുവരിയിൽ പണിമുടക്കിയിട്ടില്ല. എന്നാൽ മാർച്ച്-ഏപ്രിൽ മാസങ്ങളിൽ ഒരു വിഭാഗം ജീവനക്കാർ പണിമുടക്കിയിട്ടുണ്ട്. 11-4-1984-ൽ സർക്കാർതലത്തിൽ ട്രേഡ് യൂണിയൻ

LIBRARY ARCHIVES Kerala Legislative Assembly